പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 135 10.02.2020-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യെ കാര്യക്ഷമമാക്കാൻ നടപടി

ചോദ്യം

ശ്രീ.എം. മുകേഷ്
" റ്റി.വി.രാജേഷ്
" കെ. ദാസൻ
" പുരുഷൻ കടലുണ്ടി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ദൈനംദിന വരവ് ചെലവിൽ 450 ലക്ഷം രൂപയുടെ അന്തര മുണ്ടായിരുന്ന കെ.എസ്.ആർ.ടി. സി. ക്ക് ഈ സർക്കാരിന്റെ ആത്മാർത്ഥമായ ഇടപെടലിന്റെ ഫലമായി വരുമാന അന്തരം 66 ലക്ഷമാക്കി കുറയ്ക്കാൻ സാധ്യമായിട്ടുണ്ടോ; ശരാശരി പ്രതിദിന വരുമാനത്തിലുണ്ടായ വർദ്ധനവ് എത്രയാണ് എന്ന് അറിയിക്കാമോ; ഡീസലിന്റെ നിരന്തര വിലവർദ്ധനവ് കെ.എസ്.ആർ. ടി.സി.യെ എത്രമാത്രം പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് തൊട്ട് മുമ്പത്തെ മാസമായ ഏപ്രിൽ 2016-ൽ കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം പ്രതിദിനം ശരാശരി 413 ലക്ഷം രൂപ (പ്രതിമാസം എകദേശം 124 കോടി രൂപ) ആയിരുന്നു. ഈ ഭീമമായ ചെലവിന് കാരണം പെൻഷൻ വിതരണവും ശമ്പള വിതരണവും വായ്പായിനത്തിലെ ഉയർന്ന തിരിച്ചടവുമായിരുന്നു. കെ.എസ്.ആർ.ടി.സി. അഭിമുഖീകരിച്ചിരുന്ന ഈ ഗുരുതരമായ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനു വേണ്ടി, സർക്കാർ മുൻകൈയ്യെടുത്ത് നടത്തിയ സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിയിരുന്നു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘ കാല വായ്പയായി 9.2% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക കൊണ്ട് നിലവിലുണ്ടായിരുന്ന വായ്പാ കടങ്ങൾ അടച്ചു തീർക്കുകയും ചെയ്തു. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽ ഗണ്യമായ കുറവ് ഉണ്ടായി.<br>കെ.എസ്.ആർ.ടി.സി. മുഖ്യമായും സാമ്പത്തിക പ്രതിസന്ധി നേരിട്ടിരുന്നത് |

| | | | |
|---|---|---|---|
| | | | പെൻഷൻ നൽകുന്നതിനാണ്. കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ഏർപ്പെടുത്തിയപ്പോൾ ഇതിനായി ഒരു സഞ്ചിത നിധി ആരംഭിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ സ്വന്തം വരുമാനത്തിൽ നിന്ന് പെൻഷന് ആവശ്യമായ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിന്നിരുന്നതിനാൽ, സർക്കാർ മുൻകൈയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് അവ മുഖേന കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തിവരുന്നു. കൺസോർഷ്യം മുഖേന വിതരണം ചെയ്യുന്ന പെൻഷൻ തുക, 10% പലിശ സഹിതം, ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് വകയിരുത്തിയിട്ടുള്ള 1000 കോടി രൂപയുടെ വായ്പാ ധനസഹായത്തിൽ നിന്നും, തിരിച്ചടച്ച് വരുന്നു. ഇപ്രകാരം കൺസോർഷ്യം മുഖേന 2020 ജനുവരി മാസം വരെയുള്ള പെൻഷൻ നൽകികഴിഞ്ഞു. പെൻഷൻ ചെലവ് ഒഴിച്ച് നിറുത്തിയാൽ നിലവിലെ പ്രതിമാസ വരുമാനവും ചെലവും തമ്മിലുള്ള അന്തരം പ്രതിദിനം ശരാശരി 140 ലക്ഷം (പ്രതിമാസം ഏകദേശം 42 കോടി രൂപ) രൂപയാണ്. 2019 ഏപ്രിൽ മുതൽ ഡിസംബർ മാസങ്ങളിൽ സർക്കാർ നൽകിയ വായ്പാ ധനസഹായം കൂടി കണക്കിലെടുത്താൽ പിന്നീടുള്ള കോർപ്പറേഷന്റെ പ്രതിമാസ വരുമാനവും ചെലവും തമ്മലുള്ള അന്തരം പ്രതിദിനം ശരാശരി 70 ലക്ഷം രൂപയായി കുറഞ്ഞിട്ടുണ്ട്. (പ്രതിമാസം ഏകദേശം 21 കോടി രൂപ) 2019 ജനുവരി മാസത്തെ കണക്ക് അനുസരിച്ച് 6,11,97,750/- രൂപ പ്രതിദിന ശരാശരി വരുമാനം ഉണ്ടായിരുന്നത് 2020 ജനുവരി മാസത്തെ കണക്ക് അനുസരിച്ച് 6,60,72,892/- രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി. പ്രതിദിനം ശരാശരി 2.90 കോടി രൂപ ഡീസൽ വാങ്ങുന്ന ഇനത്തിൽ കമ്പനികൾക്ക് നൽകി വരുന്നുണ്ട്. പ്രതിമാസം ശരാശരി 87 കോടി രൂപ ഈ ഇനത്തിൽ ചെലവാകുന്നു. ശമ്പള ഇനത്തിലെ ചെലവ് കഴിഞ്ഞാൽ എറ്റവും കൂടുതൽ തുക |

| | | | |
|---|---|---|---|
| | | | ചെലവഴിക്കേണ്ടി വരുന്നത് ഡീസൽ ഇനത്തിലാണ്. അടിക്കടിയുള്ള ഡീസലിന്റെ വിലക്കയറ്റം കോർപ്പറേഷന്റെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം ഗണ്യമായി വർദ്ധിക്കുന്നതിന് ഇടയാക്കുന്നുണ്ട്. ഡീസലിന്റെ വില ദിനം പ്രതി നൽകുന്നതിനാൽ മാസാവസാനം ശമ്പളത്തിനായി തുച്ഛമായ തുക മാത്രമേ സ്വരൂപിക്കാൻ കഴിയുന്നുള്ളൂ. അടിക്കടിയുള്ള ഡീസൽ വിലയിലെ വർദ്ധനവ് കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. 01.01.2019-ൽ ഡീസൽ വില ലിറ്ററിന് 59.93 രൂപ ആയിരുന്നത് 01.01.2020 ൽ 69.25 രൂപയായി വർദ്ധിച്ചു. തന്മൂലം പ്രതിലിറ്ററിന് 9.32 രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ ഉപഭോഗം 12900 കിലോ ലിറ്റർ ആണെന്നിരിക്കെ ഈ ഇനത്തിൽ പ്രതിമാസം 12 കോടി രൂപയുടെ അധിക ബാധ്യത വന്നിട്ടുണ്ട്. |
| (ബി) | ഈ സ്ഥിതിയിലും ശമ്പളം യഥാസമയം ലഭ്യമാക്കാൻ സാധിക്കാതെ പോയത് പരിഹരിക്കാൻ സർവീസുകൾ കാര്യക്ഷമമാക്കാൻ മാനേജ്മെന്റിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ടോ; പെർമിറ്റില്ലാതെ സ്വകാര്യ ബസുകൾക്ക് അന്തർ സംസ്ഥാന സർവീസുകൾ യഥേഷ്ടം നടത്താമെന്ന കേന്ദ്ര സർക്കാർ തീരുമാനം കെ.എസ്.ആർ.ടി.സി. യെ എങ്ങനെ ബാധിക്കാനിടയുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കി വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.05.2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. അതോടൊപ്പം തൃശ്ശൂർ മുതൽ പാലക്കാട് വരെയും, തൃശ്ശൂർ മുതൽ കോഴിക്കോട് വരെയും സൂപ്പർ ഫാസ്റ്റ് സർവ്വീസുകളിലെ സമയം ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം-എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 04.08.2019 മുതൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ രണ്ടാം ഘട്ടമായി 01.12.2019 മുതൽ കോട്ടയം മുതൽ തൃശ്ശൂർ വഴി കോഴിക്കോട് വരെയും, എറണാകുളം മുതൽ തൃശ്ശൂർ വഴി കോഴിക്കോട് വരെയും ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഉപയോഗിച്ച് ചെയിൻ സർവ്വീസുകൾ കൃത്യമായ ഇടവേളകളിൽ ക്രമീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുനഃക്രമീകരിച്ചിട്ടുള്ളത്. ടി പുനഃക്രമീകരണത്തിലൂടെ തിരുവനന്തപുരം മുതൽ കോഴിക്കോട് വരെ രണ്ട് പ്രധാന പാതകളിലൂടെയും സർവ്വീസുകൾ ഉറപ്പ് വരുത്തുന്നതിനും കെ.എസ്.ആർ.ടി.സി.യ്ക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.<br>പെർമിറ്റ് ഇല്ലാതെ സ്വകാര്യ ബസ്സുകൾക്ക് യഥേഷ്ടം സർവ്വീസ് നടത്താമെന്ന കേന്ദ്ര സർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഉപരിതല മന്ത്രാലയത്തിലെ 07.1.2020 തീയതിയിലെ RT-16011/10/2019-T പ്രാഥമിക വിജ്ഞാപന പ്രകാരം എ.സി., ഡീലക്സ് ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള രാജ്യത്തിലെ എല്ലാ എസ്.റ്റി.യു.കളുടെ നിലനിൽപ്പിനെ വലിയ അർത്ഥത്തിൽ പ്രതിസന്ധിയിലാക്കും. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ അനധികൃത സ്വകാര്യ കോൺട്രാക്ട് ക്യാരേജുകൾ, പെർമിറ്റ് വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നടത്തുന്ന ദീർഘദൂര / അന്തർസംസ്ഥാന സർവ്വീസുകൾ എന്നിവ നിയമവിധേയമാകുന്നതും, കൂടുതൽ കോൺട്രാക്ട് ക്യാരേജുകൾ സർവ്വീസ് നടത്തുന്നതിന് എത്തിച്ചേരുന്നതും, ഇത് കെ.എസ്.ആർ.ടി.സി.യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴിവയ്ക്കുന്നതുമാണ്. മേൽ വിജ്ഞാപനം പ്രകാരമുള്ള നിർദ്ദേശം നടപ്പിലാക്കിയാൽ ഏത് കോൺട്രാക്ട് ക്യാരേജുകൾക്കും എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി യാതൊരുവിധ നിയന്ത്രണങ്ങളും ഇല്ലാതെ തന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. യാത്രക്കാരുടെ സുരക്ഷിതത്വം ഇത്തരം സർവ്വീസുകളിൽ ഉറപ്പ് വരുത്തുന്നതിന് കഴിയുകയില്ല. പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനുള്ള എതിർപ്പ് അറിയിക്കുന്നതിന് മുന്നോടിയായി വിവിധ ട്രേഡ് യൂണിയനുകളുമായും, കെ.എസ്.ആർ. |

| | | | |
|---|---|---|---|
| | | | ടി.സി., മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായും ഗതാഗത വകുപ്പ് മന്ത്രി തലത്തിൽ 22.01.2020-ന് ചർച്ച നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ രൂപീകരിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. |
| (സി) | പുതിയ ബസുകൾ വാങ്ങാനും ബസ് ബോഡി നിർമ്മാണം പുനരാരംഭിക്കാനും നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | 2020 ഡിസംബറിൽ കാലാവധി തീരുന്ന 410 എണ്ണം (സൂപ്പർ ഡീലക്സ്, സൂപ്പർ ഫാസ്റ്റ്, ഫാസ്റ്റ്) ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ വാങ്ങുന്നതിന് സർക്കാരിൽ നിന്ന് മൂലധനസഹായം ലഭ്യമാക്കുന്നതിനും അതല്ലെങ്കിൽ വെറ്റ് ലീസ് മാതൃകയിൽ ബസുകൾ വാടകയ്ക്ക് എടുത്ത് ഓടിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ പ്രത്യേകം പ്രത്യേകം ലഭ്യമാക്കുവാൻ കെ.എസ്.ആർ.ടി.സി.യോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രവർത്തനം അവസാന ഘട്ടത്തിലാണെന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭ്യമായി, ഇതിന്മേൽ തീരുമാനം എടുത്ത ശേഷം മാത്രമേ ബസ് ബോഡി നിർമ്മാണം പുനരാരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**